LIBRARY ARCHIVES Kerala Legislative Assembly

തിരുവിക്രമംഗലം ക്ഷേത്രംവക ഭൂമി കയ്യേറ്റം

153(2622) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തിരുവനന്തപുരം തിരുവിക്രമംഗലം ക്ഷേത്രം വക ഭൂമി അനധികൃതമായി കയ്യേറിയതിനെതിരെയുള്ള ക്ഷേത്രോപദേശക സമിതിയുടെ പരാതിയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) ദേവസ്വം ഭൂസംരക്ഷണ വിഭാഗത്തിന്റെ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) ലാൻഡ് കൺസർവൻസി ആക്ട് പ്രകാരം പ്രസ്തുത ഭൂമി നഷ്ടപ്പെടാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) തിരുവിക്രമംഗലം ക്ഷേത്രം വക ഭൂമിയിൽ അനധികൃത കയ്യേറ്റങ്ങളുണ്ടെന്നുള്ള പരാതികളിന്മേൽ ലഭ്യമായ റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഭൂസംരക്ഷണ വിഭാഗം സ്ഥലപരിശോധനകൾ നടത്തിയിട്ടുള്ളതും ക്ഷേത്രം ഇരിപ്പ് ഭൂമിയിൽ അനധികൃത കയ്യേറ്റങ്ങളില്ലായെന്ന് കണ്ടെത്തിയിട്ടുമുണ്ടെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

ക്ഷേത്രങ്ങളുടെയും കാവുകളുടെയും സംരക്ഷണം

154(2623) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളും കാവുകളും സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളിൽനിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡവും നടപടി ക്രമങ്ങളും വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ പ്രകാരം കുളങ്ങളും കാവുകളും സംരക്ഷിക്കുന്നതിന് അനുവദിക്കുന്ന പരമാവധി തുക എത്രയാണെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് എപ്പോഴാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും എന്തൊക്കെയാണെന്നും ഇതിന് പ്രത്യേക അപേക്ഷാ ഫോറം ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതികൾ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ അസംബ്ലി നിയോജകമണ്ഡലത്തിലും ഏതൊക്കെ ക്ഷേത്രങ്ങൾക്കാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളതെന്നും എത്ര തുക വീതമാണ് നല്കിയിട്ടുള്ളതെന്നും വ്യക്തമാക്കുന്ന പട്ടിക ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവ്, കളം, ആൽത്തറ എന്നിവ സംരക്ഷിക്കുന്നതിന് കേരള സർക്കാർ ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കുകയും ഇതിനായി 2014-15 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ വിവിധ ദേവസ്വങ്ങൾക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം കളങ്ങളുടെ നവീകരണത്തിന് 30 ലക്ഷം രൂപാ വീതവും കാവുകളുടെ നവീകരണത്തിന് 5 ലക്ഷം രൂപാ വീതവും ആൽത്തറകളുടെ നവീകരണത്തിന് 2 ലക്ഷം രൂപാ വീതവുമാണ് പരമാവധി അനുവദിക്കുന്ന തുക. ടി പദ്ധതിക്കായി 2015-16 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഫണ്ട് അനുവദിക്കുന്നതിനുള്ള അപേക്ഷ അതാത് ദേവസ്വം ബോർഡുകളിൽ/ തദ്ദേശഭരണ സ്ഥാപനത്തിൽ എല്ലാ വർഷവും ജൂൺ 30-ാം തീയതിക്ക് മുൻപ് സമർപ്പിക്കേണ്ടതും അപേക്ഷയും അനുബന്ധരേഖകളും അടങ്ങിയ പ്രൊപ്പോസൽ സർക്കാരിൽ ജൂലൈ. 31-നകം സമർപ്പിക്കേണ്ടതുമാണ്. ടി പദ്ധതിയിൽ അപേക്ഷിക്കുന്നതിനുള്ള അപേക്ഷാ ഫോറവും നിബന്ധനകളും നടപടിക്രമങ്ങളും അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ലയിൽനിന്നും വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം പത്രപ്പരസ്യങ്ങളിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും ആയത് പരിശോധിച്ച് 25,000 രൂപവരെ ബില്ലുകളും വൗച്ചറുകളും നൽകുന്ന മുറയ്ക്ക് നൽകിവരുന്നുമുണ്ട്. ടി അപേക്ഷകൾ അതാത് ജില്ലകളിലെ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർമാർക്ക് ടി പദ്ധതിക്കായി പത്രപ്പരസ്യത്തിലൂടെ അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോറത്തിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ഇ) ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവ്, കളം, ആൽത്തറ എന്നിവ സംരക്ഷിക്കുന്നതിന് 2014-15 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ വിവിധ ദേവസ്വങ്ങൾക്കായി അനുവദിച്ചതിന്റെ വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു.*

എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരമുള്ള ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

155(2624) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം ജലവിഭവ വകുപ്പിനെ ഏൽപ്പിച്ച പ്രവൃത്തികൾ നടപ്പാക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഗുരുതരമായ അലംഭാവം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.